# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5535 | | 27.03.2018-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| മാലിന്യ പ്രശ്നങ്ങളും അവയുടെ സംസ്കരണവും | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.പി.കെ.ശശി | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും<br>വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാനത്തെ മാലിന്യപ്രശ്നങ്ങളും അവയുടെ സംസ്കരണവും പൊതുജന/സർക്കാർ പങ്കാളിത്തത്തോടെ പരിഹരിക്കേണ്ടതിന്റെ ആവശ്യകത ഈ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ നാളിതുവരെ എന്തു നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നവകേരള കർമ്മ പദ്ധതിയുടെ ഭാഗമായുള്ള നാല് വികസന മിഷനുകൾ 28.09.2016-ൽ സ.ഉ(പി) നം.41/2016/ആ.സാ.വ പ്രകാരം നിലവിൽ വന്നു. ഇതിൽ ശുചിത്വം - മാലിന്യ സംസ്കരണം, കൃഷി വികസനം, ജലവിഭവ സംരക്ഷണം എന്നീ മൂന്ന് മേഖലകൾക്ക് ഊന്നൽ നൽകികൊണ്ടുള്ളതാണ് ഹരിത കേരളം മിഷൻ. ഹരിത കേരളം മിഷൻ ഉപദൗത്യമായ ശുചിത്വ മാലിന്യ സംസ്കരണ മാർഗ്ഗനിർദ്ദേശങ്ങൾ സ.ഉ(സാധാ)നം. 2420/2017/തസ്വഭവ തീയതി 15.07.2017 പ്രകാരം പുറപ്പെടുവിച്ചു കഴിഞ്ഞു. പരമാവധി പൊതുജനപങ്കാളിത്തം ഉറപ്പാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വത്തിൽ മാലിന്യ സംസ്കരണം ഉറപ്പാക്കുന്നതിനുള്ള സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. ടി മാർഗരേഖയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ 798 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മാലിന്യ സംസ്കരണപ്രവർത്തങ്ങൾക്കുവേണ്ടി ഹരിത കർമ്മസേന രൂപീകരിച്ചു കഴിഞ്ഞു. ശേഷിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഹരിത കർമസേന രൂപീകരണം നടന്നുവരുന്നു. 167 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മെറ്റീരിയൽ കളക്ഷൻ ഫസിലിറ്റി (എം.സി.എഫ്) സ്ഥാപിച്ചിട്ടുണ്ട്. അതുപോലെ 81 എണ്ണം റിസോഴ്സ് റിക്കവറി ഫസിലിറ്റിയും (ആർ.ആർ.എഫ്) 73 പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റും സ്ഥാപിച്ചു കഴിഞ്ഞു. ഇവ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള സർക്കാർ ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്. ഹരിതകർമ്മസേനയ്ക്കുവേണ്ട സാങ്കേതിക പിന്തുണ നൽകുന്നതിന് ഹരിതസഹായ സംഘങ്ങളെ കണ്ടെത്തി ചുമതലപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. അജൈവമാലിന്യ പരിപാലനത്തിൽ ക്ലീൻ കേരളകമ്പനിക്ക് ചുമതല നിശ്ചയിച്ച് നൽകിയിട്ടുണ്ട്. ഹരിതകർമ്മ സേനയുടെ സഹായത്താൽ ക്ലീൻ കേരള കമ്പനിയുടെ നേതൃത്വത്തിൽ ഗാർഹിക തലത്തിലേതുൾപ്പടെയുള്ള ഇ- മാലിന്യ |

| | | | |
|---|---|---|---|
| | | | നിർമ്മാർജ്ജനം കാര്യക്ഷമമാക്കുന്നതിനു നടപടികൾ സ്വീകരിച്ചുവരുന്നു.<br>2017-18 വർഷത്തിൽ ജി.ഒ(എം.എസ്) നം.79/2017/തസ്വഭവ, തീയതി 03.04.2017, ജി.ഒ.(എം.എസ്)നം.72/2017/ തസ്വഭവ, തീയതി 29.03.2017 പ്രകാരവും യഥാക്രമം നഗരസഭകൾക്കും ത്രിതല പഞ്ചായത്തുകൾക്കുമുള്ള പദ്ധതി രൂപീകരണ മാർഗ്ഗരേഖയിൽ പൊതുവിഭാഗം പ്ലാൻ ഫണ്ടിൽ നിന്നും നഗരസഭകൾ 15% വും പഞ്ചായത്തുകൾ 10% വും തുക മാലിന്യ സംസ്കരണത്തിന് ഊന്നൽ നൽകി മാറ്റി വയ്ക്കുന്നതിനായി ഉത്തരവായിട്ടുണ്ട്. ഇതിൻപ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രോജക്ടുകൾ ഏറ്റെടുത്ത് നിർവ്വഹണ നടപടികൾ പുരോഗമിക്കുന്നു.<br>മാലിന്യ സംസ്കരണം സംബന്ധിച്ച് നിലവിലുള്ള നിയമങ്ങൾ കർശനമായി നടപ്പിലാക്കുന്നതോടൊപ്പം മാലിന്യങ്ങൾ തെരുവോരങ്ങളിലും പൊതു സ്ഥലങ്ങളിലേക്കും വലിച്ചെറിയുന്നത് ഒഴിവാക്കുന്നതിനും ഉറവിട മാലിന്യ സംസ്കരണം ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് വേണ്ട അടിയന്തിര നടപടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകി സ.ഉ.(സാധാ) നം.2511/2017/തസ്വഭവ തീയതി 22.07.2017 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ സർക്കുലർ നം. 576/ഡി.സി1/16/തസ്വഭവ തീയതി 24.09.2016 പ്രകാരം പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെൻറ് റൂൾസ് 2016 ന്റെ അടിസ്ഥാനത്തിൽ പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗം നിയന്ത്രിക്കുന്നതു സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തു നിലവിൽ കാണുന്ന മുഖ്യമായ മാലിന്യങ്ങൾ എന്തെല്ലാം എന്നും, അവയിൽ നശിപ്പിക്കാവുന്നവ ഏതെല്ലാം എന്നും, അല്ലാതുള്ളവ ഏതെല്ലാം എന്നും അവയുടെ നശീകരണം എപ്രകാരം സാദ്ധ്യമാക്കാൻ കഴിയും എന്നും വ്യക്തമാക്കുമോ? | (ബി) | സംസ്ഥാനത്ത് നിലവിൽ കാണുന്ന മുഖ്യമായ മാലിന്യങ്ങൾ രണ്ടായി തരം തിരിക്കാം. (1) അജൈവമാലിന്യങ്ങൾ (2) ജൈവ മാലിന്യങ്ങൾ. ജൈവമാലിന്യങ്ങളായ ആഹാരവശിഷ്ടങ്ങൾ, പച്ചക്കറിച്ചവറുകൾ, കോഴി, മത്സ്യം മുതലായവയുടെ അവശിഷ്ടങ്ങൾ എന്നിവ ഉറവിടമാലിന്യ സംസ്കരണ സംവിധാനങ്ങളായ ബയോഗ്യാസ് പ്ലാൻറുകൾ, കംമ്പോസ്റ്റ് പിറ്റ്, മൺകല കംമ്പോസ്റ്റിംഗ്, പൈപ്പ് കംമ്പോസ്റ്റ്, റിംഗ് കമ്പോസ്റ്റ് , മോസ് പിറ്റ് കംമ്പോസ്റ്റ്, മണ്ണിര കംമ്പോസ്റ്റ്, എയ്റോബിക് ബിൻ, വിൻഡ്രോ കമ്പോസ്റ്റിംഗ് മുതലായ സംവിധാനങ്ങൾ വഴി സംസ്കരിക്കുവാൻ കഴിയും. ചന്തകളിൽ നിന്നും, സ്വന്തമായി ഉറവിട മാലിന്യ സംസ്കരണ ഉപാധികൾ സ്ഥാപിക്കുവാൻ സാധിക്കാത്ത ഇടങ്ങളിൽ ജൈവമാലിന്യ സംസ്കരണത്തിനായി പൊതു മാലിന്യ സംസ്കരണ സംവിധാനങ്ങൾ വഴി |

| | | | |
|---|---|---|---|
| | | | സംസ്കരിക്കും. അജൈവമാലിന്യങ്ങളായ പ്ലാസ്റ്റിക് ക്യാരിബാഗുകൾ, പ്ലാസ്റ്റിക്/ പേപ്പർ കപ്പുകൾ/പ്ലേറ്റുകൾ മറ്റ് പ്ലാസ്റ്റിക് ഉത്പന്നങ്ങൾ, ഉടഞ്ഞ ഗ്ലാസ്, കുപ്പികൾ, റബർ, ലോഹങ്ങൾ, ഇ-മാലിന്യങ്ങൾ മുതലായവ ശേഖരിച്ച്, സംഭരിച്ച്, തരംതിരിച്ച് റീ സൈക്ലിംങിനായി കൈമാറുന്നു. ബയോമെഡിക്കൽ മാലിന്യങ്ങൾ സുരക്ഷിതമായി സംസ്കരിക്കപ്പെടണം. ഇതിന് ഇൻസിനറേഷൻ എന്ന സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുന്നു. കൺസ്ട്രക്ഷൻ & ഡിമോളിഷൻ മാലിന്യങ്ങളുടെ പുനരുപയോഗം പരമാവധി സാധ്യമാക്കുന്നതോടൊപ്പം പുന:ചംക്രമണ വിധേയമാക്കി മറ്റ് നിർമ്മാണ വസ്തുക്കൾ ഉണ്ടാക്കുകയും ചെയ്യാം. ഇനർട്ട്, റിജക്ടുകൾ, ഇൻഡസ്ട്രിയൽ ഹസാർഡസ് മാലിന്യങ്ങൾ എന്നിവ സാനിട്ടറി ലാൻഡ് ഫില്ലിൽ മറവുചെയ്യാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ